(ബി) ഈ പദ്ധതി ഈ മാസം (ഫെബ്രുവരി 2011) അവസാനത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

താൽക്കാലിക തടയണയും പരിസ്ഥിതി പ്രശ്നങ്ങളും

132 (582) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

കാസർഗോഡ് ജില്ലയിലെ ചീമേനി കാക്കടവിൽ ഏഴിമല നേവൽ അക്കാഡമിക്കും പെരിങ്ങോം സി.ആർ.പി.എഫ്. ക്യാമ്പിനും വേണ്ടി കുടിവെള്ളം എടുക്കുന്ന പ്രദേശത്ത് വർഷങ്ങളായി നിർമ്മിക്കുന്ന താൽക്കാലിക തടയണ പരിസ്ഥിതി പ്രശ്നങ്ങൾക്കും സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കാര്യങ്കോട് പുഴയിൽ കാക്കടവ് എന്ന സ്ഥലത്ത് പുഴയിലെ നീരൊഴുക്ക് വേനൽക്കാലത്ത് കുറയുന്നതുകാരണം 2006 മുതൽ താൽക്കാലിക തടയണ നിർമ്മിക്കുന്നുണ്ട്: കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ഈ തടയണ അത്യാവശ്യമാണ്. താൽക്കാലിക തടയണ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തുക്കൾ മഴക്കാലത്ത് ഒഴുകിപ്പോകുമ്പോൾ ബാക്കിയാകുന്ന അവശിഷ്ടങ്ങൾ പരിസ്ഥിതി പ്രശ്നങ്ങളും, സാമൂഹ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ടെന്ന് നാട്ടുകാരും പരിസ്ഥിതി പ്രവർത്തകരും യുവജന സംഘടനകളും പരാതിപ്പെട്ടിട്ടുണ്ട്.

താൽക്കാലിക തടയണ നിർമ്മിക്കാതെ നേവൽ അക്കാഡമിയിലേക്കും മറ്റും വേനൽക്കാലത്ത് കുടിവെള്ളം ലഭ്യമാക്കുവാൻ ബുദ്ധിമുട്ടാണ്.

സ്ഥിരം തടയണ നിർമ്മിക്കുക എന്നുള്ളതാണ് പ്രശ്നത്തിനുള്ള പരിഹാരം. വിശദമായ പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

കുന്ദമംഗലം-പാലയ്ക്കൽ-പേവുംകൂട്ടുമ്മൽ പ്രദേശത്തെ കുടിവെള്ളക്ഷാമം

133 (583) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കുന്ദമംഗലം-പാലയ്ക്കൽ-പേവുംകൂട്ടുമ്മൽ പ്രദേശത്തെ ആളുകൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് ഒരു കുടിവെള്ള പദ്ധതി ആരംഭിക്കേണ്ട ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പ്രദേശത്ത് കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയ്ക്കുമോ ;

(ഡി) പ്രസ്തുത പ്രദേശത്ത് കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly